**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 692.** **28.09.2016 ന് മറുപടിയ്ക്ക്**

**പാൻമസാല കച്ചവടം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ.എം.എം. മണി** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | പാൻമസാല കച്ചവടം നടത്തുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; | (എ) | പുകയില ചേർന്ന പാൻമസാല കച്ചവടം നടത്തുന്നവർക്കെതിരെ കോട്പാ ആക്ട് പ്രകാരം നിയമനടപടികൾ സ്വീകരിച്ചുവരുന്നു. കുറ്റക്കാരിൽ നിന്നും നിയമാനുസരണമുള്ള പിഴ ഈടാക്കുകയും കണ്ടെടുക്കുന്ന പാൻമസാല ഉല്പന്നങ്ങൾ നിയമാനുസരണം നശിപ്പിച്ചുകളയുകയും ചെയ്യുന്നു. |
| (ബി) | ഏതൊക്കെ വകുപ്പുകൾ ചുമത്തിയാണ് ഇവർക്കെതിരെ കേസ് ചാർജ്ജ് ചെയ്യുന്നത്; | (ബി) | 2003 ലെ കോട്പാ ആക്ട് [The Cigarettes and other tobacco products (Prohibition of Advertisement and Regulation of Trade and Commerce, Production Supply and Distribution) Act 2003 (34 of 2003)] 6,7,12,13,24,25, വകുപ്പുകൾ പ്രകാരമാണ് പുകയില ചേർന്ന പാൻമസാല കച്ചവടം, കടത്ത് തുടങ്ങിയവ നടത്തുന്നവർക്കെതിരെ എക്സൈസ് വകുപ്പ് നിയമനടപടികൾ സ്വീകരിക്കുന്നത്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പാൻമസാല വിൽപ്പനയും, കടത്തിക്കൊണ്ട് വരവുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പാൻമസാല വിൽപ്പനയും, കടത്തിക്കൊണ്ട് വരവുമായി ബന്ധപ്പെട്ട് കോട്പാ ആക്ട് പ്രകാരം 3448 ആളുകൾക്കെതിരെ എക്സൈസ് വകുപ്പ് നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**